**പതിമൂന്നാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 610 | 28.10.2011-ൽ മറുപടിയ്ക്ക്

**<u>റാഗിംഗിനെതിരെ നിയമനിർമ്മാണം.</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.കെ.എം.ഷാജി.<br>ശ്രീ.കെ.എൻ.എ.ഖാദർ. | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| (എ) ക്രൂരമായ റാഗിംഗിനിരയായി സ്വകാര്യ അന്യായം ഫയൽ ചെയ്യാൻ നിർബന്ധിതരാകുന്ന കുട്ടികളും രക്ഷിതാക്കളും തുടർന്ന് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രതികളുടെയും, അവർക്ക് പിൻബലം നൽകുന്നവരുടെയും ഭീഷണിയും, തുടരാക്രമണ ങ്ങളും മൂലം കേസു നടത്താനോ സ്വൈരമായി ജീവിക്കാനോ ആകാതെ നാടു വിടേണ്ടിവരുന്ന വരുടെ ദുരിതം ശ്രദ്ധിച്ചിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) റാഗിംഗ്, വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ സംഘടനാ വൈരം വെച്ച് കുട്ടികൾക്കുനേരെയു ണ്ടാകുന്ന ആക്രമണങ്ങൾ എന്നിവയെ ക്രിമിനൽ കുറ്റ ങ്ങളായി പരിഗണിച്ച്, സ്വമേധയാ കേസെടുത്ത് അന്വേഷിച്ച് കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനാവ ശ്യമായ വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തുമോ ; | (സി & ഡി) കേരളാ റാഗിംഗ് നിരോധന നിയമത്തിൽ 4-ാം വകുപ്പ് പ്രകാരമുള്ള കുറ്റങ്ങളെ cognizable കുറ്റങ്ങളായി കണക്കാക്കുന്നതു സംബന്ധിച്ച നിയമ ഭേദഗതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ നിയമ ഭേദഗതിയിലൂടെ റാഗിംഗ് ആക്ട് കൂടുതൽ ശക്തവും ഫലപ്രദവും ആക്കാനും, ഇതു സംബന്ധിച്ച് |

........2

(ഡി) ഇത്തരം അക്രമങ്ങൾക്കെതിരെ പ്രിൻസിപ്പൽമാർ പോലീസിൽ പരാതി നൽകാതിരിക്കുന്ന അവസ്ഥയിൽ സ്വന്തമായി കേസു നൽകേണ്ടിവരുന്നവർ അതുമൂലമുണ്ടാകുന്ന സാമ്പത്തി കച്ചെലവ് താങ്ങാനാവാതെയും, കോടതി നടപടിക്രമങ്ങളിലെ ബുദ്ധിമുട്ടുകൾ നേരിടാനാവാ തെയും പിൻമാറാൻ നിർബന്ധി തരാവുന്ന സാഹചര്യം ഒഴിവാ ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

പോലീസിന് കൂടുതൽ അന്വേഷണം നടത്തുന്നതിനും കോടതിയെ സമീപിക്കേണ്ടി വരുന്ന സാഹ ചര്യങ്ങൾ ഒഴിവാക്കുവാനും കഴിഞ്ഞേക്കും.

(ഇ) 2010-ൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര റാഗിംഗ്/ആക്രമണം എന്നിവ സംബന്ധിച്ച പരാതികൾ അധികൃതർക്ക് ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിൽ കേസെടുത്ത് അന്വേഷണം നടത്തി കോടതി യിൽ ചാർജ്ജ് ചെയ്തിട്ടുണ്ട് ?

(ഇ) 2010-ൽ 43 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇതിന്മേൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി 31 കേസ്സുകൾ കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.